[redacted]

GI 705

# സമഗ്രശിക്ഷാ കേരളം
## അർധവാർഷിക മൂല്യനിർണ്ണയം 2023-24
## സാമൂഹ്യശാസ്ത്രം

ക്ലാസ് : 7

സമയം: 2 മണിക്കൂർ

### *അധ്യാപകർക്കുള്ള നിർദേശങ്ങൾ*

1. മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് സമാശ്വാസ സമയം നൽകണം. ഈ സമയം കുട്ടികൾ ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കട്ടെ.
2. ആകെ 10 പ്രവർത്തനങ്ങളിൽ 8 എണ്ണത്തിന്റെ മൂല്യനിർണ്ണയം നടത്തുക.
3. ഒരു പ്രവർത്തനത്തിന് 5 പോയിന്റ്, ആകെ 40 പോയിന്റ്. (5/4/3/2/1)
4. എല്ലാ ചോദ്യങ്ങൾക്കുമുള്ള സ്കോർ പരിഗണിച്ച് ശതമാനപ്പട്ടിക ഉപയോഗിച്ച് A/B/C/D/E ഓവറോൾ ഗ്രേഡ് നൽകണം.

**പ്രവർത്തനം :**

**പഠനനേട്ടം :**

**സാമ്പത്തിക പ്രവർത്തനങ്ങളെ വിവിധ മേഖലകളായി (പ്രാഥമികം, ദ്വിതീയം, തൃതീയം) തരം തരിക്കാൻ കഴിയുന്നു.**

**സൂചകങ്ങൾ**

എ

| മേഖല | സവിശേഷത |
|---|---|
| പ്രാഥമികം | പ്രകൃതിവിഭവങ്ങൾ നേരിട്ട് ഉപയോഗപ്പെടുത്തി നടത്തുന്ന പ്രവർത്തനങ്ങൾ ഉൾപ്പെടുന്ന മേഖല |
| ദ്വിതീയം | അസംസ്കൃതവസ്തുക്കൾ ഉപയോഗിച്ച് പുതിയ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്ന പ്രവർത്തനങ്ങൾ നടക്കുന്ന മേഖല |
| തൃതീയം | സേവന പ്രവർത്തനങ്ങൾ നടക്കുന്ന മേഖല |

(3)

ബി. പ്രാഥമിക മേഖല (2)

- നമുക്ക് ആവശ്യമായ ഭക്ഷ്യവസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്നു. കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നു.

**പ്രവർത്തനം 2**

**പഠനനേട്ടം :**

**കേരളത്തിൽ സാമൂഹികപരിഷ്കരണത്തിനുവേണ്ടി പ്രവർത്തിച്ച വ്യക്തികളുടെയും പ്രസ്ഥാനങ്ങളുടെയും പങ്ക് വിശകലനം ചെയ്യുന്നു.**

**സൂചകങ്ങൾ**

i. വൈകുണ്ഠസ്വാമികൾ
ii. ചട്ടമ്പിസ്വാമികൾ
iii. ശ്രീനാരായണ ഗുരു
iv. അയ്യങ്കാളി
v. വക്കം അബ്ദുൽ ഖാദർ മൗലവി (5)

**പ്രവർത്തനം 3**

**പഠനനേട്ടം : പ്രകൃതി ദുരന്തനിവാരണമാർഗങ്ങൾ വ്യക്തമാക്കുന്നു.**

**സൂചകങ്ങൾ**

എ. കുത്തനെ ചരിവുള്ള പ്രദേശങ്ങളിലെ പാറയും മണ്ണും ചെളിയും അതിവേഗം താഴേക്കു നീങ്ങുന്ന പ്രതിഭാസമാണ് ഉരുൾപൊട്ടൽ. (1)

ഉരുൾപൊട്ടലുണ്ടായാൽ :

1. എത്രയും വേഗം സുരക്ഷിതസ്ഥാനങ്ങളിലേക്ക് മാറുക

2. ചെറിയ കുട്ടികൾ, വൃദ്ധർ, ശാരീരികാവശതകൾ അനുഭവിക്കുന്നവർ എന്നിവരുടെ രക്ഷക്ക് മുൻഗണന നൽകുക
3. പരിക്കേറ്റവർക്ക് പ്രഥമശുശ്രൂഷ നൽകുക
4. വീണ്ടും ഉരുൾപൊട്ടൽ ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ ജാഗ്രത പാലിക്കുക
5. പോലീസ്, ആംബുലൻസ് തുടങ്ങിയ ഏജൻസികളുമായി ബന്ധപ്പെടുക
6. വൈദ്യുതാഘാതം ഏൽക്കാതിരിക്കാൻ വേണ്ട മുൻകരുതലുകൾ എടുക്കുക. (ഏതെങ്കിലും 4 എണ്ണം പരിഗണിച്ചാൽ മതി) (4)

**പ്രവർത്തനം 4**

**പഠനനേട്ടം : സ്കെച്ച്, പ്ലാൻ, ഭൂപടം എന്നിവ വേർതിരിച്ച് അറിയുന്നു.**

**സൂചകങ്ങൾ**

എ. (a) രേഖാചിത്രം, (b) ഭൂപടം, (c) പ്ലാൻ, (3)

ബി **രേഖാചിത്രം** - വളരെക്കുറച്ച് സവിശേഷതകൾമാത്രം ഉൾപ്പെടുത്തി ഒരാളുടെ ഓർമ്മയിൽ നിന്നോ ഒരു പ്രദേശത്തെ നോക്കിക്കൊണ്ടോ വരച്ചെടുക്കുന്ന ചിത്രങ്ങളാണ് രേഖാചിത്രങ്ങൾ.

**പ്ലാൻ** - ഒരു പ്രദേശത്തിലെ വിവരങ്ങളെ സംബന്ധിച്ച കൃത്യമായ അളവുകൾ, അവയുടെ സ്ഥാനം എന്നിവ തിട്ടപ്പെടുത്തി തോതിന്റെയും ദിക്കിന്റെയും അടിസ്ഥാനത്തിൽ പ്ലാനുകൾ തയ്യാറാക്കുന്നു. (2)

**പ്രവർത്തനം – 5**

**പഠനനേട്ടം : ഭക്ഷ്യസുരക്ഷ സാധ്യമാക്കുന്നതിനുള്ള സാഹചര്യങ്ങൾ വിശദീകരിക്കുന്നു.**

**സൂചകങ്ങൾ**

എ) വിതരണത്തിലെ അപാകത (2)
സാധനങ്ങൾ വാങ്ങുവാനുള്ള വ്യക്തികളുടെ ശേഷിക്കുറവ്

ബി) എല്ലാ ജനങ്ങൾക്കും എല്ലാകാലത്തും സജീവവും ആരോഗ്യകരവുമായ ജീവിതം നയിക്കുന്നതിനാവശ്യമായത്ര പോഷകപ്രധാനമായ ഭക്ഷണം ലഭിക്കുന്നതിനുള്ള ഭൗതികവും സാമ്പത്തികവുമായ പ്രാപ്തി ഉറപ്പുവരുത്തുന്ന അവസ്ഥയാണ് ഭക്ഷ്യസുരക്ഷ (1)

സി)
- അന്നപൂർണ്ണ
- അന്ത്യോദയ അന്നയോജന
- മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
- സ്വർണ്ണജയന്തി ഷഹാരി റോസ്ഗാർ യോജന (ഏതെങ്കിലും രണ്ടെണ്ണം പരിഗണിക്കാം) (2)

**പ്രവർത്തനം 6**

**പഠനനേട്ടം :**

**ശിലാമണ്ഡലം, ജലമണ്ഡലം, വായുമണ്ഡലം എന്നീ 3 മണ്ഡലങ്ങളെയും ആശ്രയിച്ചാണ് ജൈവ മണ്ഡലത്തിന്റെ നിലനിൽപ്പ് എന്ന് വിശദമാക്കുന്നു.**

**സൂചകങ്ങൾ**

എ. പർവതങ്ങൾ, പീഠഭൂമികൾ, സമതലങ്ങൾ, മരുഭൂമികൾ, ദ്വീപുകൾ (4)

ബി. ചലഞ്ചർഗർത്തം (1)

**പ്രവർത്തനം 7**

**പഠനനേട്ടം : ഇന്ത്യൻ ദേശീയത രൂപപ്പെടുന്നതിനിടയാക്കിയ ഘടകങ്ങൾ വിശകലനം ചെയ്യുന്നു.**

**സൂചകങ്ങൾ**

1. എ.ഒ. ഹ്യൂം – ഇന്ത്യൻ നാഷണൽ കോൺഗ്രസ്
2. രാജാ റാംമോഹൻ റായ് – ബ്രഹ്മസമാജം
3. ജോതിറാവുഫുലെ – സത്യശോധക്സമാജ്
4. നവാബ് സലീമുള്ളാഖാൻ – സർവ്വേന്ത്യാ മുസ്ലീംലീഗ്
5. ആനിബസന്റ് – ഹോംറൂൾ പ്രസ്ഥാനം (5)

**പ്രവർത്തനം 8**

**പഠനനേട്ടം : ഭൂപടങ്ങളുടെ പ്രധാന ഘടകങ്ങൾ വിശദമാക്കുന്നു**

**സൂചകങ്ങൾ**

എ.
1. തമിഴ്നാട്
2. കിഴക്ക്
3. ഗുജറാത്ത്
4. തെക്കുപടിഞ്ഞാറ് (4)

ബി. മെർക്കാറ്റർ (1)

**പ്രവർത്തനം 9**

**പഠനനേട്ടം : 1919 മുതൽ 1947 വരെയുള്ള സ്വാതന്ത്ര്യസമരകാലം ഗാന്ധിയൻ കാലഘട്ടമെന്ന് വിലയിരുത്തുന്നു.**

**സൂചകങ്ങൾ**




(5)

**പ്രവർത്തനം 10**

**പഠനനേട്ടം :**

**കേരളത്തിൽ നിലനിന്നിരുന്ന ദുരാചാരങ്ങൾ കണ്ടെത്തുന്നു.**

**കേരളത്തിൽ സാമൂഹിക പരിഷ്കരണത്തിനുവേണ്ടി പ്രവർത്തിച്ച വ്യക്തികളുടെ പങ്ക് വിശകലനം ചെയ്യുന്നു.**

**സൂചകങ്ങൾ**

എ. ജാതിവിവേചനം, പുളികുടി, തിരണ്ടുകല്യാണം, താലികെട്ടുകല്യാണം, അടിമത്തം (ഏതെങ്കിലും രണ്ടെണ്ണം പരിഗണിക്കണം) (2)

ബി. വാഗ്ഭടാനന്ദൻ (1)

സി. പ്രസക്തമായ 2 സാമൂഹികതിന്മകൾ കണ്ടെത്തിയിട്ടുണ്ടെങ്കിൽ (2)